**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .95

28-10-2019 -ൽ മറുപടിക്ക്

**2018-ലെ പ്രളയ നാശനഷ്ടവും ദുരിതാശ്വാസ സഹായവും**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2018-ലെ പ്രളയത്തിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ദുരിതബാധിതർക്ക് എത്ര തുകയുടെ ദുരിതാശ്വാസ സഹായം ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | എ) | ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം 5616.77 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്. യഥാർത്ഥ നഷ്ടം ഏകദേശം 26,718 കോടിയോളം രൂപ വരും എന്നും, പുനർ നിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടി വരും എന്നും PDNA വിലയിരുത്തിയിട്ടുണ്ട്.<br>2018-ലെ പ്രളയത്തിൽ ദുരിതാശ്വാസ ധനസഹായമായി പൂർണ്ണമായി വീട് തകർന്നവർ, ഭാഗികമായി വീട് തകർന്നവർ, മരണപ്പെട്ടവർ, ദുരിതബാധിതർ, വീട്ടുകളിൽ വെള്ളം കയറിയവർ, കൃഷിനാശം, മത്സ്യബന്ധനം, വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 2720,99,63,536- രൂപ സഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ